(സി) വിവിധ മേഖലകളിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കമ്പനികളിൽ നിന്നുള്ള പ്രൊപ്പോസലുകളിൻമേൽ ഈ കമ്മിറ്റികൾ വിശദമായ പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കിയതിനുശേഷം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുനരുദ്ധാരണനിധിയിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെ നടപടി സ്വീകരിക്കും. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ സാങ്കേതികവിദ്യയുടെ നവീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം മുതലായ പദ്ധതികളിലൂടെ ലാഭത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി ചാർജ് വർദ്ധന മൂലം പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

**10 (2066)**ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് കഴിഞ്ഞ 3 മാസത്തിനുള്ളിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം എന്ന് അറിയിക്കുമോ;

(സി) ഇനി എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഭീഷണി നേരിടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(സി)വരെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് വ്യവസായ സ്ഥാപനങ്ങളൊന്നും പൂട്ടിയതായോ, അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായോ വിവരമൊന്നും ലഭിച്ചിട്ടില്ല.

## ബി.ഐ.എഫ്.ആർ. ഏറ്റെടുത്തു നടത്തുന്ന വ്യവസായങ്ങൾ

**11 (2067)**ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്തുള്ള ഏതെല്ലാം വ്യവസായങ്ങൾ ബി.ഐ.എഫ്.ആർ. ഏറ്റെടുത്തു നടത്തുന്നുണ്ട്;

(ബി) ഈ വ്യവസായങ്ങൾ ബി.ഐ.എഫ്.ആർ ഏറ്റെടുക്കുമ്പോൾ അവയുടെ നിലയെന്തായിരുന്നു;

(സി) ഇവയിൽ ഏതെല്ലാം വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ കഴിയും;

(ഡി) പുനരുദ്ധരിക്കാൻ സാദ്ധ്യമല്ലാത്ത വ്യവസായങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ബി.ഐ.എഫ്.ആർ. ന്റെ പരിധിയിൽ വരുന്നവ ചുവടെ ചേർക്കുന്നു.

1. ഓട്ടോ കാസ്റ്റ് ലിമിറ്റഡ്
2. ടെൽക്ക്
3. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്
4. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
5. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
6. കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ്
7. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്
8. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
9. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
10. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
11. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്

(ബി) ബി.ഐ.എഫ്.ആർ. ന്റെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി) 1997-98 ലെ ബി.പി. ഇ. റിവ്യൂ പ്രകാരം സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നെറ്റ് വർക്ക് പോസിറ്റീവായിട്ടുണ്ട്.

(ഡി) സർക്കാരിന്റെ വ്യവസായ നയത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനകൾക്കാണ് പ്രാധാന്യം നൽകുന്നത്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനായി കേരളാ വ്യവസായ പുനഃരുദ്ധാരണ ഫണ്ട് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഫണ്ടിനാവശ്യമായ സ്കീം തയ്യാറായി കഴിഞ്ഞു. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണം മുതലായ പദ്ധതികൾ മുഖേന ലാഭത്തിൽ ആക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിവിധ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കമ്പനികളിൽ നിന്നുള്ള പ്രൊപ്പോസലുകളിൻമേൽ ഈ കമ്മിറ്റികൾ വിശദമായ പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കിയതിനു ശേഷം മാത്രമേ ഓരോ കമ്പനിക്കും എത്ര രൂപ വീതം നൽകാൻ കഴിയുമെന്ന് പറയാൻ കഴിയൂ. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ട് മുഖേന 240 കോടിയോളം രൂപയാണ് പുനരുദ്ധാരണാവശ്യങ്ങൾക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly